"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് എസ്.പി.സി.എ യിൽ സീനിയർ ഇൻസ്പെക്ടറായി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കെ.അജിത്ത് കുമാറിന് 2023-24 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.245/2025/LSGD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-

1. 09/09/2015 ലെ GO(MS)No.276/2015/LSGD നമ്പർ ഉത്തരവ്
2. 13/07/2023 ലെ സ.ഉ(സാധാ) നം.1426/2023/LSGD നമ്പർ ഉത്തരവ്
3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14/06/2024 ലെ നം.പി10-2256/22 കത്ത്
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 04/12/2024 ലെ AHD/6570/2024-E2 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള എസ്.പി.സി.എ യിൽ സീനിയർ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കെ.അജിത്ത് കുമാറിന് 2023-24 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് അനുവദിക്കുന്നതിന് ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, പഞ്ചായത്ത് സമിതി തീരുമാനം എന്നിവ സഹിതം കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.അജിത്ത് കുമാറിന് 2022-23 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യാ അലവൻസ് പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. ടിയാന് 2023-24 സാമ്പത്തിക വർഷം എക്സ്ഗ്രേഷ്യാ അലവൻസിന് അർഹതയുള്ളതിനാലും, പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, ടിയാന് തുക അനുവദിക്കുന്നതിന് മതിയായ തുക മൃഗസംരക്ഷണ വകുപ്പിന്റെ '2403-Animal husbandry' എന്ന ശീർഷകത്തിൽ ലഭ്യമാണെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കോഴിക്കോട് എസ്.പി.സി.എ യിൽ സീനിയർ ഇൻസ്പെക്ടറായി തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.കെ.അജിത്ത് കുമാറിന് 2023-24 സാമ്പത്തിക വർഷം ഒരു മാസത്തേക്ക് 8100/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്കുള്ള എക്സ്ഗ്രേഷ്യാ അലവൻസായ 97,200/- രൂപ (തൊണ്ണൂറ്റി ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം ) 2403-00-196-50-00-00-00-N-V എന്ന ശീർഷകത്തിൽ നിന്നും

അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
ശ്രീ.കെ.അജിത്ത് കുമാർ ,SPCA സീനിയർ ഇൻസ്പെക്ടർ (retd. ) (സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖാന്തരം )
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ ,ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/278/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 25-01-2025 11:04:11
സെക്ഷൻ ഓഫീസർ